# പതിനാലാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 629** **29/01/2019-ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിൽ വായ്പേതര സഹകരണ സംഘങ്ങൾക്കുള്ള പ്രാതിനിധ്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>,, കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് റിസർവ് ബാങ്ക് മുന്നോട്ട് വച്ച ഉപാധികൾ വ്യക്തമാക്കുമോ; | (എ) | 1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.<br>2. ലയനത്തെ സ്റ്റേ ചെയ്തു കൊണ്ടോ നിരോധിച്ചു കൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തണം.<br>3. സംസ്ഥാന സഹകരണ ബാങ്ക് ഒരു ലയന പദ്ധതി തയ്യാറാക്കി ജില്ലാ ബാങ്കുകൾ ആ ലയന പദ്ധതി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.<br>4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.<br>5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MoU ഒപ്പു വയ്ക്കണം. ഭരണ സമിതി മാനേജ് മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MoU യിൽ വരേണ്ടത്.<br>6. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.<br>7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | നല്കുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.<br>8. ക്രമ രഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയും കരുതൽ സൂക്ഷിക്കണം.<br>9. ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.<br>10. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.<br>11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.<br>12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.<br>13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.<br>14. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.<br><br>15. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI ക്ക് അപേക്ഷ നല്കണം. RBI യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI ക്ക് സറണ്ടർ ചെയ്യണം. |

| | | | |
|---|---|---|---|
| | | | 16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡിപ്പോസിറ്റ് ഇൻഷുറൻസ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.<br>17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.<br>18. ബാങ്ക് എന്ന പദം ഉപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.<br>19. മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിനെ സമീപിക്കണം. |
| (ബി) | പ്രസ്തുത ഉപാധികളിൽ ഏതെല്ലാം കാര്യങ്ങൾ ഇതിനകം പാലിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറിനിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സഹകരണ ബാങ്കുകളുടെ നിയന്ത്രണാധികാരമുള്ള നബാർഡ് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒഴിവാക്കിയ വായ്പേതര സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിൽ പ്രാതിനിധ്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ വായ്പേതര സംഘങ്ങൾക്ക് പ്രാതിനിധ്യം വേണമെന്ന് നിർദ്ദേശിച്ചിരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി സഹകരണ സംഘ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ? | (ഡി) | ഈ നിർദ്ദേശം നിലവിലെ കേരള സഹകരണ നിയമ പ്രകാരം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ